? ചോദ്യോത്തരം
മുജീബ്

# ജമാഅത്തിന്റെ വോട്ട് വിനിയോഗം

■ *ജമാഅത്തെ ഇസ്‌ലാമിയുടെ അഴകൊഴമ്പൻ നയത്തിന്റെ ആവർത്തനം തന്നെയാണ് ഇത്തവണ പാർലമെന്റ് ഇലക്ഷനിൽ വോട്ട് എങ്ങനെ വിനിയോഗിക്കണമെന്ന അവരുടെ തീരുമാനം. 18 മണ്ഡലങ്ങളിൽ എൽ.ഡി.എഫിനും 2 എണ്ണത്തിൽ യു.ഡി.എഫിനുമാണല്ലോ അംഗീകാരം. ഇതിലൂടെ തങ്ങൾക്ക് ഒരു നയമില്ല എന്ന പ്രഖ്യാപനമാണ് ജമാഅത്ത് നടത്തിയിരിക്കുന്നത്. ഇരു വഞ്ചികളിലും കാലൂന്നി എങ്ങനെയാണ് ഒരു കരക്കെത്താനാവുക? പാർട്ടികളും മുന്നണികളും നയപരിപാടികൾ നടപ്പാക്കുന്നിടത്ത് വ്യക്തികൾ പ്രസക്തമാകുന്നതെങ്ങനെ? മുമ്പ് മൂല്യംനോക്കി വോട്ട് ചെയ്യാനും പിന്നീട് വോട്ട് മൊത്തമായി ഇടതുപക്ഷത്തിനു പതിച്ചുനൽകുന്നതിനും എടുത്ത തീരുമാനത്തേക്കാൾ വിചിത്രവും തങ്ങളുടെ രാഷ്ട്രീയ പാപ്പരത്തം വെളിപ്പെടുത്തുന്നതുമായി ഇത്. കോൺഗ്രസ്സിനെ കുറിച്ച്, അവർ സാമ്രാജ്യത്വത്തിനു വിധേയമായി രാജ്യത്തെ അപകടത്തിലേക്ക് നയിക്കുന്നു എന്ന കാഴ്ചപ്പാടാണ് ജമാഅത്തിനെങ്കിൽ അതിനനുസൃതമായി വോട്ടിംഗിൽ പൂർണമായും യു.പി.എക്ക് വിരുദ്ധമായ ഒരു നിലപാട് എടുക്കട്ടെ. അതല്ല ഫാഷിസ്റ്റ് ശക്തികൾ അധികാരത്തിൽ വരുന്നതാണ് കൂടുതൽ അപകടകരമെന്നുകണ്ട് അത് ഒഴിവാക്കാനായി കോൺഗ്രസ്സിനെ സഹായിക്കുന്ന തരത്തിൽ ഒരു നയം സ്വീകരിക്കാം. കുറേ മോഹഭംഗക്കാരെ ചേർത്തുവെച്ച് രൂപംനൽകപ്പെടും എന്നു വിശ്വസിക്കുന്ന മൂന്നാം മുന്നണി യാഥാർഥ്യമാവുകയില്ല എന്നിരിക്കെ യു.പി.എക്ക് കരുത്തുപകരുന്ന ഒരു നിലപാട് സ്വീകരിക്കാനേ സ്വാഭാവികമായും ഒരു ഇസ്‌ലാമിക പ്രസ്ഥാനമെന്ന നിലയിൽ ജമാഅത്തിനു സാധ്യമാവുകയുള്ളൂ. എന്നിട്ടും ആ ഉത്തരവാദിത്വം നിറവേറ്റാനോ അതിന്റെ ഗൗരവമുൾക്കൊള്ളാനോ ശ്രമിക്കാതെ വോട്ടുകൾ പാഴാക്കുന്ന ഈ തീരുമാനത്തെ കുരങ്ങന്റെ കൈയിലെ പൂമാലയോടാണ് ഉപമിക്കാൻ തോന്നുന്നത്.*
മുജീബിന്റെ പ്രതികരണം?

***എം.എ അബ്ദുൽ ഖാദർ കരുപ്പടന്ന***

**ഇ**ന്ത്യൻ രാഷ്ട്രീയ സാഹചര്യങ്ങളെ ആഴത്തിൽ പഠിക്കാതെ ഉപരിപ്ലവമായും വൈകാരികമായും വിലയിരുത്തുന്നതിന്റെ ഉദാഹരണമാണ് ചോദ്യത്തിന്റെ ഉള്ളടക്കം. ജമാഅത്തെ ഇസ്‌ലാമിയുടെ സുചിന്തിത നിലപാടുകളെക്കുറിച്ച കോൺഗ്രസ്പക്ഷ വിമർശനങ്ങളുടെ സാമാന്യശൈലി കൂടിയാണിത്.

ഒന്ന്, കോൺഗ്രസ്സോ ബി.ജെ.പിയോ ആഗ്രഹിക്കുന്നതുപോലെ ഏകകക്ഷി ഭരണം യാഥാർഥ്യമാവാൻ പോവുന്നില്ല. മുന്നണികൾക്ക് മാത്രമേ ഭരണ സാധ്യതയുള്ളൂ. എന്നാൽ തെരഞ്ഞെടുപ്പ് തീയതി പ്രഖ്യാപിക്കപ്പെടുന്നതിന് മുമ്പുള്ള മുന്നണി ബന്ധങ്ങളല്ല അതിനു ശേഷം രൂപപ്പെട്ടത്. കൃത്യമായി പറഞ്ഞാൽ യു.പി.എയോ എൻ.ഡി.എയോ പഴയപടി നിലവിലില്ല. യു.പി.എ ഘടകങ്ങളായ ആർ.ജെ.ഡിയും ലോക് ജനശക്തിയും കോൺഗ്രസ്സുമായി തീർത്തും വഴിപിരിഞ്ഞു കൂറുമുന്നണി ഉണ്ടാക്കി മത്സരിക്കുന്നു. തമിഴ്നാട്ടിൽ പി.എം.കെ മുന്നണിവിട്ട് ജയലളിതയുടെ കൂടെ പോയി. മഹാരാഷ്ട്രയിൽ എൻ.സി.പി കോൺഗ്രസ് സഖ്യം നിലവിലുണ്ടെങ്കിലും ശരത് പവാറിന്റെ ഒരു കാൽ മൂന്നാം മുന്നണിക്കാരുടെ പാളയത്തിലാണ്. പ്രധാനമന്ത്രി പദത്തിൽ അദ്ദേഹത്തിനുള്ള കണ്ണ് രഹസ്യമല്ല. ഈ സാഹചര്യത്തിൽ ഏത് യു.പി.എയെ ജമാഅത്തെ ഇസ്‌ലാമി പിന്താങ്ങണമെന്നാണ് പറയുന്നത്?

രണ്ട്, തെരഞ്ഞെടുപ്പ് ഫലങ്ങൾ പുറത്തുവന്നശേഷമുണ്ടാകാവുന്ന മുന്നണി ബന്ധങ്ങളാണ് രാഷ്ട്രീയ ഗതി നിർണയിക്കുക എന്ന് വ്യക്തമായിരിക്കെ, കാലേക്കൂട്ടി എടുക്കാവുന്ന തീരുമാനം ബി.ജെ.പി മുന്നണിക്ക് ഭൂരിപക്ഷം ലഭിക്കാവുന്ന സാഹചര്യം പരമാവധി ഒഴിവാക്കുകയാണ്. അതാകട്ടെ, തുടക്കത്തിലേ സംശയാതീതമായി സ്വീകരിച്ച പ്രസ്ഥാനമാണ് ജമാഅത്തെ ഇസ്‌ലാമി. രാജ്യത്ത് എവിടെയാണെങ്കിലും ബി.ജെ.പി മുന്നണി സ്ഥാനാർഥികൾ ജയിക്കാൻ സാധ്യതയുള്ള മണ്ഡലങ്ങളിൽ കോൺഗ്രസ് അടക്കമുള്ള മതേതര പാർട്ടികളുടെ ജയസാധ്യതയുള്ള സ്ഥാനാർഥികൾക്ക് വോട്ട് നൽകുമെന്ന് ജമാഅത്ത് പ്രഖ്യാപിച്ചിട്ടുണ്ട്. കേരളത്തിൽ അങ്ങനെ ഒരു മണ്ഡലവും ഇല്ല. യു.ഡി.എഫും എൽ.ഡി.എഫും മതേതരമാണ്. സർക്കാർ രൂപവത്കരിക്കാൻ വേണ്ടിവന്നാൽ ഇടതുമുന്നണിയുടെ പിന്തുണ സ്വീകരിക്കും എന്നതാണ് കോൺഗ്രസ്സിന്റെ തന്നെ പ്രഖ്യാപിത നയം. എൻ.ഡി.എ അധികാരത്തിൽ വരുന്നത് ഒഴിവാക്കും എന്നത് എൽ.ഡി.എഫിന്റെയും പ്രഖ്യാപിത നിലപാടാണ്. എങ്കിൽ കേരളത്തിലെ 18 മണ്ഡലങ്ങളിൽ ഇടതുമുന്നണിയെ പിന്തുണച്ചതുകൊണ്ട് എന്ത് അപകടമാണ് വരാൻപോവുന്നത്?

മൂന്ന്, നാലര വർഷവും യു.പി.എ ഭരിച്ചത് ഇടതു പിന്തുണയോടെ ആയിരുന്നു. അക്കാലമത്രയും അമേരിക്കയുമായി ആണവകരാറോ ഇസ്രയേലുമായി ആയുധക്കരാറോ ഒപ്പിടാൻ മൻമോഹൻ സർക്കാറിന് സാധിച്ചില്ല. പോട്ട പോലുള്ള കരിനിയമങ്ങൾ വീണ്ടും കൊണ്ടുവരാനും വഴിയുണ്ടായില്ല. ഇടത് പിന്തുണ നഷ്ടപ്പെട്ട ഉടനെ കരിങ്കാലികളെ ഉപയോഗിച്ച് ഭൂരിപക്ഷമുണ്ടാക്കിയ കോൺഗ്രസ് സർക്കാർ സാമ്രാജ്യത്വ- സയണിസ്റ്റ് ദാസ്യ കരാറുകളിൽ ഒപ്പിട്ടു, കരിനിയമം ചുട്ടെടുത്തു, പൊതുമേഖലയുടെ സ്വകാര്യവത്കരണം ത്വരിതപ്പെടുത്തി. ഇനിയും ഒരവസരം ലഭിച്ചാൽ മൻമോഹൻ സിംഗ് സർക്കാർ ഈ നയം കൂടുതൽ വാശിയോടെ തുടരുമെന്നുറപ്പ്.

ബി.ജെ.പിയാകട്ടെ അതിനൊന്നും എതിരല്ലെന്നു മാത്രമല്ല, ഒരു പടി മുന്നോട്ടാണ് താനും. അതിനാൽ ബുദ്ധിപൂർവമായ നിലപാട്, ഏറ്റവും വലിയ കൂട്ടായ്മയായി യു.പി.എ സർക്കാറുണ്ടാക്കിയാൽ തന്നെ ഇടത് പിന്തുണയെ ആശ്രയിക്കേണ്ടിവരുമെന്ന സാഹചര്യം സൃഷ്ടിക്കുകയാണ്. ബംഗാളിനു ശേഷം ഇടതിന് സാധ്യതയുള്ള സംസ്ഥാനമാണ് കേരളം. അതിനാൽ ഇടത് സ്ഥാനാർഥികൾക്ക് മുൻതൂക്കം നൽകുന്ന തെരഞ്ഞെടുപ്പ് നയം ജമാഅത്ത് സ്വീകരിക്കേണ്ടിവന്നു. ഇത് അഴകൊഴമ്പനല്ല, തീർത്തും തത്ത്വാധിഷ്ഠിതമാണ്.

നാല്, ഇതിനർഥം ഇടതുമുന്നണിയുടെയും സംസ്ഥാന സർക്കാറിന്റെയും എല്ലാ നയനിലപാടുകളും പ്രവൃത്തികളും ജമാഅത്ത് അംഗീകരിക്കുന്നു എന്നല്ല, പിഴവുകളും പാളിച്ചകളും യഥാസമയം ശക്തമായിത്തന്നെ ചൂണ്ടിക്കാട്ടിയിട്ടുണ്ട്. നടക്കുന്നത് പക്ഷേ ലോക്സഭാ തെരഞ്ഞെടുപ്പാണ്. അതിൽ ഇഷ്യൂ ആവേണ്ടത് ദേശീയ, സാർവദേശീയ പ്രശ്നങ്ങളാണ്. നിയമസഭാ തെരഞ്ഞെടുപ്പിൽ നിശ്ചയമായും സംസ്ഥാന ഭരണം വിചാരണ ചെയ്യപ്പെടും. നിലപാടുകളും അതനുസരിച്ചിരിക്കും. അതേസമയം, ഈ തെരഞ്ഞെടുപ്പിൽ പൊന്നാനിയിൽ ഇടതുമുന്നണി നടത്തിയ സ്ഥാനാർഥിനിർണയം പ്രകടമായും മുസ്‌ലിം വിഭാഗീയതയിൽനിന്ന് മുതലെടുത്ത് പാർട്ടി താൽപര്യം സംരക്ഷിക്കാനുള്ളതാണ്. സമുദായ ഐക്യത്തിനുവേണ്ടി നിലകൊള്ളുന്ന ജമാഅത്തെ ഇസ്‌ലാമിക്ക് അതിനോട് താൽപര്യമില്ല. യു.ഡി.എഫ് സ്ഥാനാർഥിയാകട്ടെ പരിചയ സമ്പന്നനായ പ്രഗത്ഭനും. അതിനാൽ നിലപാട് വ്യക്തമാക്കിക്കൊണ്ടുതന്നെ അദ്ദേഹത്തിന് വോട്ട് നൽകി.

അഞ്ച്, വയനാട് മണ്ഡലത്തിൽ കോൺഗ്രസ് സ്ഥാനാർഥിക്കാണ് ജമാഅത്ത് വോട്ട് നൽകിയത്. പാർട്ടിക്കുള്ളിൽ താരതമ്യേന സമുദായ താൽപര്യങ്ങൾക്ക് വേണ്ടി പൊരുതുകയും തീവ്ര മതേതരവാദികളായ മുസ്‌ലിം നാമധാരികളെ ചെറുക്കുകയും ചെയ്യുന്ന ഷാനവാസ് ജയിച്ചുകയറിയാൽ പാർലമെന്റിലും ന്യൂനപക്ഷ താൽപര്യങ്ങൾക്കായി നിലകൊള്ളും എന്ന പ്രതീക്ഷയാണ് പിന്തുണക്ക് നിമിത്തമായത്. വ്യക്തികളല്ല പാർട്ടികളാണ് എല്ലാം തീരുമാനിക്കുന്നതെന്ന സാമാന്യവത്കരണംഅപ്പടി ശരിയല്ല. ശശി തരൂരും ആര്യാടൻ മുഹമ്മദും ഷാനവാസും എല്ലാ സമീപനങ്ങളിലും ഒരുപോലെയാണെന്ന ധാരണ വസ്തുതാപരമല്ല. കോൺഗ്രസ്സുകാർ തന്നെയായിരുന്ന മൗലാനാ അബുൽകലാം ആസാദും ഡോ. സയ്യിദ് മഹ്മൂദും എം.സി ഛഗ്ലയും ഒരേ ചിന്താഗതിക്കാരും ഒരേ നിലപാട് നടപ്പാക്കിയവരും ആയിരുന്നോ? ജവഹർലാൽ നെഹ്റുവിനെയും സർദാർ വല്ലഭായ് പട്ടേലിനെയും ഒരേ കണ്ണോടെ കാണാമോ?

മൂന്നാം മുന്നണി യാഥാർഥ്യമാവുമോ ഇല്ലേ എന്ന് തീരുമാനിക്കാൻ നേരമായില്ല. ആയാലും ഇല്ലെങ്കിലും ഒരു മതനിരപേക്ഷ ന്യൂനപക്ഷ സൗഹൃദ സർക്കാർ രാജ്യത്ത് അധികാരത്തിൽ വരണമെന്നതാണ് പ്രധാനം. സങ്കീർണ സാഹചര്യങ്ങളിൽ പരിമിതികളിൽനിന്നുകൊണ്ട് താരതമ്യേന തൃപ്തികരമായ നിലപാടാണ് ജമാഅത്തെ ഇസ്‌ലാമി സ്വീകരിച്ചത്. അതിൽകവിഞ്ഞു രാഷ്ട്ര ഭാഗധേയം നിർണയിക്കാനുള്ള ശേഷിയൊന്നും പ്രസ്ഥാനത്തിനില്ല.

## ജമാഅത്തും കെ.പി.സി.സിയും

■ *തെരഞ്ഞെടുപ്പ് പ്രഖ്യാപനത്തിനു മുമ്പ് ആര്യാടൻ മുഹമ്മദ് പറഞ്ഞു, ജമാഅത്തെ ഇസ്‌ലാമിയുടെ വോട്ട് വേണ്ടായെന്ന്. തെരഞ്ഞെടുപ്പ് പ്രഖ്യാപിച്ചപ്പോൾ വയലാർ രവി പറഞ്ഞു, മുസ്‌ലിം ലീഗ് ഒഴിച്ച് രാഷ്ട്രീയ പശ്ചാത്തലമുള്ള മുഴുവൻ മുസ്‌ലിം സംഘടനകളും വർഗീയ സംഘടനകളാണെന്ന്. പിന്നീട് ജമാഅത്തെ ഇസ്‌ലാമി തെരഞ്ഞെടുപ്പ് നിലപാട് വിശദീകരിച്ചപ്പോൾ രമേശ് ചെന്നിത്തല പറയുന്നു, ജമാഅത്തെ ഇസ്‌ലാമിയെപോലുള്ളവർ യാഥാർഥ്യങ്ങൾ വിലയിരുത്തുന്നതിൽ പരാജയപ്പെട്ടിരിക്കുകയാണെന്ന്; ജമാഅത്തെ ഇസ്‌ലാമിയുടെ പ്രഖ്യാപനം കൊണ്ട് യഥാർഥ മുസ്‌ലിംകളുടെ വോട്ടുകൾ യു.ഡി.എഫിന് കൂടുതൽ ലഭിക്കുമെന്നും. ഈ പ്രസ്താവനകളെ ജമാഅത്തെ ഇസ്‌ലാമി എങ്ങനെ വിലയിരുത്തുന്നു?*

***സി.കെ ഹാഷിം റഷീദ് ഉളിയിൽ***

**ഇ**ന്ത്യയിലെ ഇസ്‌ലാമിക പ്രസ്ഥാനത്തെ സംബന്ധിച്ചേടത്തോളം, ഇന്ത്യൻ നാഷ്നൽ കോൺഗ്രസ് ഇരുട്ടിൽതപ്പുകയും ഭിന്ന സ്വരത്തിൽ സംസാരിക്കുകയും ചെയ്തതാണ് ഇതഃപര്യന്തമുള്ള ചരിത്രം. വിഭജനത്തിനു മുമ്പ് 1946ൽ മഹാത്മാ ഗാന്ധി ജമാഅത്തിന്റെ പാറ്റ്ന സമ്മേളനത്തിൽ പ്രേക്ഷകനായി പങ്കെടുക്കുകയും പരമ സാത്വികരായ ഭക്തരുടെ സമ്മേളനം എന്ന് അതിനെ വിശേഷിപ്പിക്കുകയും ചെയ്തു. സ്വതന്ത്ര ഇന്ത്യയിൽ ജവഹർലാൽ നെഹ്റു അതിനെ വർഗീയമെന്ന് വിലയിരുത്തി. അദ്ദേഹത്തിന്റെ മന്ത്രിസഭാംഗമായിരുന്ന ഡോ. സയ്യിദ് മഹ്മൂദ് മറ്റു മുസ്‌ലിം സംഘടനകളോടൊപ്പം ജമാഅത്തുമായി ചേർന്ന് 1964ൽ ആൾ ഇന്ത്യ മുസ്‌ലിം മജ്‌ലിസെ മുശാവറക്ക് രൂപംനൽകി. സമുന്നത കോൺഗ്രസ് നേതാവും പിൽക്കാലത്ത് രാഷ്ട്രപതിയുമായിരുന്ന ഡോ. സാക്കിർ ഹുസൈൻ, തന്റെ ശിഷ്യനും ജമാഅത്തെ ഇസ്‌ലാമി ആസാം ഹൽഖാ അമീറുമായിരുന്ന സയ്യിദ് ഹസനെനെ തന്റെ പ്രവർത്തനങ്ങളിൽ ആശീർവദിക്കുകയും ഖുർആന്റെ അസമീയ പരിഭാഷക്ക് ധനസഹായം നൽകുകയും ചെയ്തു. ഇന്ദിരാഗാന്ധി 1975ൽ രാജ്യത്ത് അടിയന്തരാവസ്ഥ നടപ്പാക്കി നിരോധിച്ച സംഘടനകളിൽ ജമാഅത്തെ ഇസ്‌ലാമിയെയും ഉൾപ്പെടുത്തി. പക്ഷേ, 1977ൽ തെരഞ്ഞെടുപ്പ് പ്രഖ്യാപിച്ചപ്പോൾ ജമാഅത്തിന്റെ പിന്തുണ തേടി. 1992 ഡിസംബർ 10ന് നരസിംഹറാവു സർക്കാർ നിരോധിച്ച സംഘടനകളിൽ ജമാഅത്തും ഉണ്ടായിരുന്നു. എന്നാൽ പിൽക്കാലത്ത് എല്ലാ തെരഞ്ഞെടുപ്പുകളിലും കോൺഗ്രസ് ജമാഅത്തെ ഇസ്‌ലാമിയുടെ പിന്തുണ തേടി. കേരളത്തിൽ കഴിഞ്ഞ നിയമസഭാ തെരഞ്ഞെടുപ്പിൽ നേരിട്ട തിരിച്ചടിക്കു ശേഷം കെ.പി.സി.സി നേതാക്കളായ രമേശ് ചെന്നിത്തല, ഉമ്മൻ ചാണ്ടി, എം.ഐ ഷാനവാസ് എന്നിവർ ജമാഅത്ത് നേതൃത്വവുമായി വിശദമായ ചർച്ചകൾ നടത്തുകയും പിന്തുണ അഭ്യർഥിക്കുകയും ചെയ്യുകയുണ്ടായി. ഈ ലോക്സഭാ തെരഞ്ഞെടുപ്പിലും വൈകിയാണെങ്കിലും രമേശ് ചെന്നിത്തല കോഴിക്കോട്ട് വെച്ച് ജമാഅത്ത് നേതൃത്വത്തെ കണ്ട് പിന്തുണ ആവശ്യപ്പെട്ടു. ഇപ്പറഞ്ഞതൊക്കെയും അനിഷേധ്യ സത്യങ്ങളാണെന്നിരിക്കെ ജമാഅത്തെ ഇസ്‌ലാമി വർഗീയ തീവ്രവാദി സംഘടനയാണോ എന്ന് ഖണ്ഡിതമായി തീരുമാനിക്കേണ്ടത് കോൺഗ്രസ് നേതൃത്വമാണ്. രാജ്യത്ത് ഭരണഘടനാനുസൃതമായി പ്രവർത്തിക്കുന്ന ഒരാദർശ ധാർമിക പ്രസ്ഥാനത്തെ കുരുടന്മാർ ആനയെ കണ്ടപോലെ വിലയിരുത്തുന്നത് രാജ്യം ഭരിക്കുന്ന മതേതര പാർട്ടിക്ക് ഭൂഷണമല്ല. കോൺഗ്രസിനെക്കുറിച്ച ജമാഅത്തെ ഇസ്‌ലാമിയുടെ വീക്ഷണം വ്യക്തമാണ്. വൻ പാളിച്ചകളും അബദ്ധങ്ങളും സംഭവിച്ച, അച്ചടക്കം നഷ്ടമായി ജീർണിച്ച എന്നാൽ ചില നന്മകളുള്ള ദേശീയ മതേതര ജനാധിപത്യ പ്രസ്ഥാനമാണത്. മെച്ചപ്പെട്ട ബദലിന്റെ അഭാവത്തിൽ അവശ്യഘട്ടത്തിൽ കോൺഗ്രസിനെ പിന്തുണക്കുന്നു.

## ബദൽ സംവിധാനമെന്ത്?

■ *പാർലമെന്ററി ഡമോക്രസിയെ അംഗീകരിക്കുകയും ലെജി സ്ലേറ്ററി ഡമോക്രസിയെ അംഗീകരിക്കാതിരിക്കുകയും ചെയ്യുന്ന, ഇസ്‌ലാമിന്റെ വ്യവസ്ഥിതിയിൽ ഉറച്ച് വിശ്വസിക്കുന്ന ജമാഅത്തെ ഇസ്‌ലാമിക്ക് ബഹുമുഖ സംസ്കാരങ്ങൾ നില നിൽക്കുന്ന ഇന്ത്യ പോലുള്ള ഒരു രാജ്യത്ത് നിയമനിർമാണ ത്തിന് എന്ത് ബദൽ സംവിധാനമാണ് മുന്നോട്ട് വെക്കാനു ള്ളത്? നിയമം നിർമിക്കാനുള്ള അവകാശം ദൈവത്തിനാ ണെന്ന സത്യം അംഗീകരിക്കുന്ന ഒരാൾക്ക്, ഇന്നത്തെ ഇന്ത്യൻ സാഹചര്യത്തിൽ നിയമനിർമാണ സഭകളിൽ അംഗത്വം നേടാൻ കഴിയും എന്ന ചിന്തയുടെ യുക്തിയെന്താണ്? താടിയും പർദയും വരെ താലിബാനിസമാണെന്ന് പറയുന്ന നീതിന്യായ വ്യവസ്ഥക്ക് ബദലായി ശരീഅത്തിലൂന്നിയ ഒരു വ്യവസ്ഥിതി, പല മതങ്ങളിൽ വിശ്വസിക്കുന്നവരും മതങ്ങളിലും ദൈവ ത്തിലും വിശ്വാസമില്ലാത്തവരുമായ ഒരു ജനസമൂഹത്തിന്റെ മുന്നിൽ ഫലപ്രദമായി നടപ്പാക്കാൻ കഴിയും എന്ന് ജമാഅത്ത് വിശ്വസിക്കുന്നുണ്ടോ?*

***സലാം ശാന്തപുരം ഷാർജ***

ജമാഅത്തെ ഇസ്‌ലാമി അവതരിപ്പിക്കുന്ന സമ്പൂർണ ഇസ്‌ലാമിക ജീവിതവ്യവസ്ഥ അത് അംഗീകരിക്കുന്ന സമൂഹ ത്തിലേ നടപ്പാക്കാനാവൂ. അത് നന്നായറിയാവുന്ന പ്രസ്ഥാനം, മൗലിക ദർശനത്തെ പരിചയപ്പെടുത്താനും പ്രബോധനം ചെയ്യാനുമുള്ള പ്രവർത്തനങ്ങൾക്ക് തന്നെയാണ് മുൻഗണന നൽകുന്നത്. ജമാഅത്തിന്റെ പോളിസി-പ്രോഗ്രാം ശ്രദ്ധിച്ചാൽ ഇത് ബോധ്യപ്പെടും. എന്നാൽ ജനങ്ങളിൽ ഭൂരിപക്ഷവും ദൈവിക സന്മാർഗത്തിലേക്ക് വരുന്നതിന്റെ മുമ്പുള്ള കാലഘ ട്ടത്തിലും രാജ്യത്ത് നിയമവാഴ്ചയും സമാധാനവും നില നിൽക്കണം, ജനകീയ പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാവണം. അതിന് ഏറ്റവും ഉപയുക്തമായ മനുഷ്യനിർമിത സംവിധാനം മതനിരപേക്ഷ ജനാധിപത്യ വ്യവസ്ഥയാണ്. അതിനാൽ മൗലിക ദൗർബല്യങ്ങളും ന്യൂനതകളും ചൂണ്ടിക്കാട്ടിക്കൊണ്ടു തന്നെ ജമാഅത്ത് മതനിരപേക്ഷ ജനാധിപത്യത്തിനനു കൂലമായ നിലപാടുകൾ സ്വീകരിക്കുകയും വർഗീയ, ഫാഷിസ്റ്റ് ശക്തികളെ ചെറുക്കുകയും ചെയ്യുന്നു. കുതിരക്ക് മുമ്പിൽ വണ്ടിയെ കെട്ടാറില്ല. ജനങ്ങൾക്ക് അപരിചിതമായ ഒരു വ്യവ സ്ഥിതിയെ അതെത്ര മെച്ചപ്പെട്ടതാണെങ്കിലും അവരുടെ മേൽ അടിച്ചേൽപിക്കാനാവില്ല. ഇന്ത്യയിൽ ഗാന്ധിസവും സോഷ്യ ലിസവും ഒരുപോലെ പരാജയപ്പെട്ടത് ഉദാഹരണമാണ്. ഇസ്‌ലാ മിക പ്രസ്ഥാനത്തിന് യാഥാർഥ്യബോധ്യമുണ്ട്. ഒരു നിശ്ചിത കാലയളവിനുള്ളിൽ ദൈവരാജ്യം സ്ഥാപിച്ചുകളയാം എന്ന് അതാരോടും വാഗ്ദാനം ചെയ്തിട്ടില്ല. അന്തിമ തീരുമാനം ദൈവത്തിന്റേതാണ്.

## സുന്നീ കമ്യൂണിസ്റ്റ്

■ *ദൈവം ഇല്ലെന്നും സ്വർഗവും നരകവും വിചാരണയുമെല്ലാം മിഥ്യയാണെന്നും പ്രഖ്യാപിക്കുന്ന ഒരു പ്രത്യയശാസ്ത്രത്തിൽ മനസാ വാചാ കർമണാ പ്രവർത്തിക്കുകയും അംഗമാവുകയും ചെയ്യുന്ന ടി.കെ ഹംസ, താൻ സുന്നിയാണെന്ന് ഏതർഥത്തിൽ പറഞ്ഞാലും അത് അംഗീകരിക്കാനാവുമോ? സുന്നീ നേതാ ക്കൾ ഇതെന്തുകൊണ്ട് തിരുത്തിയില്ല?*

***പി.വി ഉമ്മർകോയ കല്ലായി***

മറുപടി നൽകേണ്ടത് സുന്നികളും ടി.കെ ഹംസയുമാ ണ്. കിതാബിൽ എഴുതിവെച്ചത് എന്തായാലും നിലവിലെ കമ്യൂ ണിസ്റ്റ് പാർട്ടികളിൽ വിശ്വാസികൾ ധാരാളം പ്രവർത്തിക്കുന്നു ണ്ട്. മാറ്റമില്ലാത്തതായി മാറ്റം മാത്രമേയുള്ളൂ എന്ന് ചൂണ്ടിക്കാ ട്ടിയതും കാൾമാർക്സ് ആണല്ലോ. ■